# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5100 27/07/2015 ൽ മറുപടിക്ക്

## സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ്(എസ്.പി.ക്യു.ഇ.എം) ന്റെ സംസ്ഥാനത്തെ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കാമോ; | എ) ആധുനിക വിഷയങ്ങളായ ഗണിതം, സയൻസ്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ, എന്നിവ മദ്രസകളിൽ പഠിപ്പിക്കുന്നതിനായി ആവിഷ്കരിച്ച നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. |
| ബി) 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എസ്.പി.ക്യു.ഇ.എം. ന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവച്ചത്; എത്ര ചെലവഴിച്ചു; | ബി) 2010-11 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് 22.38 കോടിയും 2013-14 വർഷത്തിൽ70.97 കോടിയും അനുവദിച്ചു. ചെലവായത് 58.38 കോടി രൂപ. |
| സി) പ്രസ്തുത പദ്ധതി പ്രകാരം മദ്രസ്സ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഓരോ വർഷത്തെയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ? | സി) മദ്രസ വിദ്യാർത്ഥികൾക്ക് മതപഠനത്തോടൊപ്പം ആധുനിക വിഷയങ്ങൾ പഠിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2010-11 ൽ 547 മദ്രസകളിലും 2013-14 വർഷത്തിൽ 1328 മദ്രസകളിലും ഈ പദ്ധതി പ്രകാരം അധ്യയനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ